## പഠനഷീറ്റ് 1

# പാപത്തിന്റേയും മരണത്തിന്റേയും ഉറവിടം എന്ത്?

### I. സൃഷ്ടിയിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നത്?

1. ദൈവം ആദിയിൽ ———— ഉം ———— സൃഷ്ടിച്ചു. ഉല്പ. 1:1
2. ദൈവം സൃഷ്ടിച്ചതെല്ലാം ———— എന്നു കണ്ടു. ഉല്പ. 1:31

### II. ഏദെൻ തോട്ടത്തിന്റെ നടുവിൽ എന്തായിരുന്നു ഉണ്ടായിരുന്നത്?

1. തോട്ടത്തിന്റെ നടുവിൽ ———— വൃക്ഷവും അറിവിന്റെ വൃക്ഷമായ ———— യും———— യും ഉണ്ടായിരുന്നു. ഉല്പ. 2:9
2. അവർ നന്മതിന്മകളെ കുറിച്ചു അറിവുള്ള വൃക്ഷഫലം തിന്നാൽ, അവർ ————. ഉല്പ. 2:17

### III. ഏദെൻ തോട്ടത്തിൽ ഹവ്വ എങ്ങനെ പരീക്ഷിക്കപ്പെട്ടു?

1. സർപ്പം ചോദിച്ചു, "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടേയും ഫലം ———— ദൈവം കല്പിച്ചിട്ടുണ്ടോ?" ഉല്പ. 3:1
2. അവൾ അതു തിന്നാൽ ———— എന്നു ഹവ്വക്കു ദൈവം പറഞ്ഞതു അറിയാമായിരുന്നു. ഉല്പ. 3:3
3. സർപ്പം പറഞ്ഞു: എ. ———————— ഉല്പ. 3:4
   ബി. ———————— ഉല്പ. 3:5
   സി. ———————— ഉല്പ. 3:5
4. ഹവ്വ ഫലത്തെ കണ്ടതു: എ. ———————— ഉല്പ. 3:6
   ബി. ———————— ഉല്പ. 3:6
   സി. ———————— ഉല്പ. 3:6

### IV. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നതിന്റെ ഫലം എന്തായിരുന്നു?

1. അവരുടെ രണ്ടു പേരുടേയും കണ്ണുകൾ —————. ഉല്പ. 3:7
2. സർപ്പം ————— കൊണ്ടു ഗമിക്കും. ഉല്പ. 3:14
3. സ്ത്രീ —————— മക്കളെ പ്രസവിക്കും പുരുഷൻ അവളെ —————. ഉല്പ. 3:16
4. ഭൂമിയെ ————— ഉല്പ. 3:17 മനുഷ്യൻ ————— തിരികെച്ചേരും. ഉല്പ. 3:19
5. ദൈവം പറഞ്ഞു, "മനുഷ്യൻ ————— പോലെ ————— യും ————— യും അറിഞ്ഞവർ ആയിത്തീർന്നു." ഉല്പ. 3:22

### V. ശിശുക്കൾ നന്മതിന്മകളെകുറിച്ചുള്ള അറിവോടെയാണോ ലോകത്തിലേക്കു വരുന്നത്?

1. ശിശുക്കൾക്കു നന്മതിന്മകളെ കുറിച്ചുള്ള അറിവു —————. ആവർ. 1:39
2. ശിശുക്കൾക്ക് എങ്ങനെ നന്മ ————— മെന്നും തിന്മ എങ്ങനെ ————— മെന്നും അറിയുകയില്ല. യെശ. 7:16
3. ഒരാൾ അന്ധനാണെങ്കിൽ, അയാൾക്ക് ————— ഇല്ല. യോഹന്നാൻ 9:41

## VI. ശിശുക്കൾ പാപികളായി ജനിച്ചു സ്വർഗ്ഗരാജ്യത്തിൽ നിന്നു വേർതിരിക്കപ്പെട്ടുവോ?

1. മകൻ ————— അകൃത്യം വഹിക്കേണ്ട. എഹെസ്. 18:20
2. മനുഷ്യനിൽ ദൈവമാണ് ————— തന്നിരിക്കുന്നത് സെഖ. 12:1 അവൻ ആത്മാക്കളുടെ, ————— ആണ്. എബ്രാ. 12:9 (കൂടാതെ സഭാ 12:7 നോക്കുക.)
3. സ്വർഗ്ഗരാജ്യം ————— ഉള്ളവരുടേതല്ലോ. മത്താ. 19:14

പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.




കണ്ണുകൾ തുറന്നു
ദൈവത്തെപോലെ - നന്മതിന്മകളെ അറിയുന്നവരായി

കുട്ടികൾ പാപികൾ ആകുന്നതിന്റെ കാരണം:
1. അവരുടെ തന്നെ പ്രവൃത്തികളാൽ? അല്ല.
2. ശരീരത്തിൽ കൂടെ, മാതാപിതാക്കളിൽ നിന്നു? അല്ല
3. ആത്മാവിനാൽ, ദൈവത്തിൽ നിന്നോ? അല്ല

പഠനഷീറ്റ് അവതരണം:

1

# “പാപത്തിന്റേയും മരണത്തിന്റേയും ഉറവിടം എന്ത്?”

“പാപത്തിന്റെയും മരണത്തിന്റേയും ഉറവിടം എന്ത്?” എന്ന ഈ പഠനഷീറ്റ്, നല്ലൊരു തുറന്ന പഠന സഹായിയാണ് കാരണം ഇതു തുടർന്നുള്ള പഠനങ്ങളുടെ ഒരു പശ്ചാത്തലമായി ഉപയോഗിക്കാം.

**ഉദ്ദേശം**

“പാപവും മരണവും” എന്ന പഠനഷീറ്റ്, ആദാമിന്റേയും ഹവ്വയുടേയും, പാപത്തിന്റെ *അനന്തരഫലമായി* മരണം ലോകത്തിലേക്കു വന്നു എങ്കിലും അവരുടെ, പാപത്തിന്റെ *കുറ്റാരോപണം* പിന്നീടു വരുന്ന തലമുറകളിൽ കണക്കിടുന്നില്ല എന്നു കാണിക്കുവാനാണ്. ദൈവത്തിന്റെ നല്ല സൃഷ്ടിയായിരുന്ന ആദാമും ഹവ്വയും പാപത്താൽ കളങ്കപ്പെട്ടു.

**പാഠം ചുരുക്കത്തിൽ**

ചുരുക്കത്തിൽ ഈ പാഠം വ്യക്തമാക്കുന്നതു ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതായിരുന്നു, എന്നാൽ ആ സൃഷ്ടിയെ പാപം നിമിത്തം ദൈവം ശപിച്ചു. ആദാമിന്റെയും ഹവ്വയുടെയും പാപത്തിന്റെ ഫലമായി, പാപവും നന്മതിന്മകളെ കുറിച്ചുള്ള അറിവും ലോകത്തിലേക്കുവന്നു. ശിശുക്കൾ ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ അനന്തരഫലം അനുഭവിക്കും എന്നല്ലാതെ, ആദാമിന്റെയും ഹവ്വയുടെയും കുറ്റാരോപണത്തോടെയല്ല അവർ ജനിക്കുന്നത്.

**മുഖവുര**

[ഈ പാഠത്തിനായി വിദ്യാർത്ഥിയെ ഒരുക്കുന്നതിൽ, അദ്ധ്യാപകൻ ബൈബിൾ എത്രമാത്രം അറിഞ്ഞിരിക്കുന്നു എന്നു ഉറപ്പാക്കണം. ഒരു നല്ല തുടക്കം ഇങ്ങനെയാകാം (ഒരു അദ്ധ്യാപകൻ പാഠം അവതരിപ്പിക്കുന്നതിനു ഉപയോഗിക്കാവുന്ന വാക്കിനു - വേണ്ട - വാക്കു എന്ന രീതിയിലുള്ള അവതരണമായി ഇങ്ങനെ പറയാം):]

ഞാൻ നിങ്ങളുടെ അറിവിനെ തുച്ഛീകരിക്കുന്നില്ല, എന്നാൽ ബൈബിളിനെ – സംബന്ധിച്ച കാര്യങ്ങളിൽ നിങ്ങൾ എവിടെ വരെ മനസ്സിലാക്കി എന്ന് എനിക്ക് അറിയാത്തതിനാൽ വളരെ നിസ്സാരമായ അവസ്ഥയിൽ നമുക്കു തുടങ്ങാം. ബൈബിൾ മുഖ്യമായും രണ്ടായി വിഭാഗിച്ചിരിക്കുന്നു എന്നു നിങ്ങൾക്ക് അറിയാമോ? അവ ഏതെല്ലാം?

നിങ്ങൾക്ക് അറിയാമോ ഏതിലാണ് കൂടുതൽ വസ്തുതകൾ, പഴയ നിയമത്തിലോ അതോ പുതിയ നിയമത്തിലോ? [കൂടുതൽ വസ്തുതകൾ ഏതിലാണ് എന്നു സൂചിപ്പിക്കുവാൻ, നിങ്ങളുടെ കയ്യിലെ ബൈബിളിലെ പുതിയ നിയമം തുറക്കുകയും, രണ്ടിന്റേയും കനത്തിലുള്ള വ്യത്യാസം കാണിച്ചു കൊടുക്കുക.]

പല ലേഖകന്മാരുടെ എഴുത്തുകളുടെ ശേഖരമാണ് ബൈബിൾ. ബൈബിൾ മുഴുവനും 66 പുസ്തകങ്ങൾ അടങ്ങുന്നു. പഴയ നിയമ പുസ്തകങ്ങൾ 39 ഉം, പുതിയ നിയമ പുസ്തകങ്ങൾ 27 ഉം ആണ് ഉള്ളത്.

ബൈബിളിലെ പുസ്തകങ്ങൾ വലുപ്പത്തിൽ വ്യത്യാസമുണ്ട്. 2 യോഹന്നാന്റെ ലേഖനം ഒരു പേജും, സങ്കീർത്തനപുസ്തകങ്ങളിൽ അനവധി പേജുകളും ഉണ്ട്. ഓരോ പുസ്തകവും വാക്യങ്ങളായി ഭാഗിച്ചിട്ടുണ്ട്.

പഴയ നിയമത്തിൽ 4 മുഖ്യ ഭാഗങ്ങളാണുള്ളത്: 5 നിയമ പുസ്തകങ്ങളും, 12 ചരിത്ര പുസ്തകങ്ങളും, 5 ജ്ഞാന പുസ്തകങ്ങളും, 17 പ്രവചനപുസ്തകങ്ങളും ആയും, അതിനെ ചിലപ്പോൾ 5 വലിയ പ്രവാചകന്മാർ എന്നും 12 ചെറിയ പ്രവാചകന്മാർ എന്നും പുസ്തകങ്ങളുടെ വസ്തുതകളെ ആസ്പദമാക്കി അങ്ങനെ – വിളിച്ചിരിക്കുന്നു. ചെറിയ പ്രവാചകന്മാർ എഴുതിയതിനേക്കാൾ കൂടുതൽ വലിയ പ്രവാചകന്മാർ എഴുതിയിട്ടുണ്ട്.

പുതിയ നിയമത്തിലും 4 മുഖ്യ ഭാഗങ്ങൾ ഉണ്ട്: 4 പുസ്തകങ്ങൾ യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവും അടങ്ങുന്നു, 1 പുസ്തകം ചരിത്ര പുസ്തകമാണ്, 21 ലേഖനങ്ങളും (ചിലപ്പോൾ പൗലൊസിന്റെ 13 ലേഖനങ്ങൾ എന്നും 8 പൊതുവായ ലേഖനങ്ങൾ എന്നും പറയാറുണ്ട്), 1 പ്രവചനപുസ്തകവും ആണുള്ളത്.

ബൈബിളിലെ ആരംഭത്തെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചുമാണ് ഈ പാഠത്തിൽ നാം തുടങ്ങുന്നത്, അതു പഠനഷീറ്റിലെ "പാപത്തിന്റെയും മരണത്തിന്റെയും ഉറവിടം എന്ത്?" ആണ് പരിഗണിക്കുന്നത്. [നോക്കുക പേജ് 129.]

## I. സൃഷ്ടി

1. സൃഷ്ടിയിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നത്? ആദിയിൽ ദൈവം സൃഷ്ടിച്ചത് എന്ത്? [ഉല്പ. 1:1 വിദ്യാർത്ഥി വായിക്കുക.] ദൈവം *എന്താണ്* സൃഷ്ടിച്ചത്? [വിദ്യാർത്ഥി ഉത്തരം പറയട്ടെ. വിട്ട വരികൾ പൂരിപ്പിക്കുവാനുള്ള സ്ഥലത്ത് "ആകാശവും" "ഭൂമിയും" എന്നു പൂരിപ്പിക്കുക.]

2. താൻ സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ ദൈവം എന്തു കണ്ടു?

[വിദ്യാർത്ഥി ഉല്പ. 1:31 വായിക്കട്ടെ.] ദൈവത്തിന്റെ സൃഷ്ടി *എന്തായി* രുന്നു? [വിദ്യാർത്ഥി ഉത്തരം പറയട്ടെ. "നല്ലതു" എന്നു വിട്ടവരി പൂരിപ്പി ക്കുക.]

ദൈവം സൃഷ്ടിച്ചിട്ടില്ലാത്ത എന്തെങ്കിലും ഉണ്ടോ? ദൈവം സൃഷ്ടിച്ച എല്ലാം നല്ലതായിരുന്നോ? ദൈവം സൃഷ്ടിച്ചപ്പോൾ എല്ലാം നല്ലതായി രുന്നു എങ്കിൽ, ഇപ്പോൾ എല്ലാം നല്ലതായിരിക്കാത്തതെന്തുകൊണ്ടു? അതാണ് ഈ പാഠത്തിൽ നാം പിന്നീടു പഠിക്കുന്നത്.

**II. ഏദെൻ തോട്ടത്തിൽ**

1. ഇപ്പോൾ നാം ഏദെൻ തോട്ടത്തെ കുറിച്ചാണ് പരിഗണിക്കുവാൻ പോകുന്നത്. ഏദെൻ തോട്ടത്തിന്റെ നടുവിൽ നിന്നതെന്തായിരുന്നു? [വിദ്യാർത്ഥി ഉല്പ. 2:9 വായിക്കട്ടെ.] തോട്ടത്തിന്റെ നടുവിൽ രണ്ടു വൃക്ഷങ്ങൾ ഉണ്ടായിരുന്നോ? തോട്ടത്തിന്റെ നടുവിലെ രണ്ടു വൃക്ഷ ങ്ങളുടെ *പേർ എന്തായിരുന്നു*? [വിട്ട വരികളിൽ "ജീവ" എന്നും "നന്മ" യും "തിന്മയും" പൂരിപ്പിക്കുക.]

[പഠനഷീറ്റിന്റെ *മറുവശമെടുത്ത്*, രണ്ടു വൃക്ഷങ്ങൾ വരച്ചു, അവ യുടെ പേരും എഴുതുക "നന്മതിന്മകളെക്കുറിച്ചുള്ളതും" "ജീവൻ" ഉള്ളതും. നിങ്ങൾ വരച്ചതിന്റെ ആശയം കൂടുതൽ വ്യക്തമാകുവാൻ ഈ പാഠത്തിനുവേണ്ടി പേജ് 130 ൽ കൊടുത്തിട്ടുള്ള ചിത്രം നിരീക്ഷി ക്കുക. രണ്ടു വൃക്ഷങ്ങൾ മാത്രം *വരയ്ക്കുക*യും, വലിയ തലകളും കണ്ണു കളിൽ ഓരോ ഒറ്റ ലൈനും ഉള്ള ആദാമിന്റെയും ഹവ്വയുടെയും ചിത്രം വരയ്ക്കുക. ഈ പാഠത്തിലെ കൂടുതൽ വസ്തുതകൾ വരുന്നതുവരെ ഷീറ്റിലെ വരപ്പ് അവിടെ നിർത്തുക.]

ബൈബിളിലെ പേരുകൾക്കു പ്രാധാന്യമുണ്ട്. എന്തുകൊണ്ടാണ് അവയ്ക്ക് "ജീവ വൃക്ഷം" എന്നും "നന്മതിന്മകളെ കുറിച്ചുള്ള അറി വിന്റെ വൃക്ഷം" എന്നും വിളിച്ചിരുന്നത്? ആ വൃക്ഷങ്ങൾക്കു ആ പേരു ണ്ടായിരുന്നതുകൊണ്ടു ആദാമും ഹവ്വയും, അതിന്റെ ഫലം തിന്നതി നാൽ, അവർക്കു വൃക്ഷങ്ങൾക്ക് ഇട്ടിരിക്കുന്ന പേർ ലഭിക്കും എന്നു നിങ്ങൾ കരുതുന്നുണ്ടോ, അതായതു., "ജീവനും" "നന്മതിന്മകളെ കുറി ച്ചുള്ള അറിവും"?

2. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നാൽ എന്തു സംഭവിക്കും എന്നാണ് ദൈവം പറഞ്ഞത്? [വിദ്യാ ർത്ഥി ഉല്പ. 2:17 വായിക്കട്ടെ.] അവർ നന്മതിന്മകളെ കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നാൽ, അവർക്കു *എന്തു* സംഭവിക്കും? [വിട്ട വരികളിൽ "മരി ക്കും" എന്നെഴുതുക.]

ഈ ഭാഗത്തിൽ നാം എന്താണ് പഠിച്ചത്? നാം ചെയ്യുന്നതിനു നാം ദൈവത്തോടു കണക്കു കൊടുക്കണം. നാം ചെയ്യുന്നതിന്റെ എല്ലാം ഫലം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ നമ്മെ ഭൗതികമാ യോ, വൈകാരികമായോ, മാനസികമായോ, ധാർമ്മികമായോ, ആത്മി യമായോ ബാധിക്കും. ആ വൃക്ഷങ്ങളുടെ ഫലം തിന്നാൽ അവരുടെ ജീവിതത്തിൽ അതിന്റെ ഫലം ഉണ്ടാകും.

**III. പരീക്ഷണം**

1. ഇപ്പോൾ നമുക്കു നന്മതിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്മാനിടയായ ഹവ്വയുടെ പരീക്ഷണം നോക്കാം. എങ്ങനെയാണ് സർപ്പം ഹവ്വയെ പരീക്ഷിച്ചത്? [വിദ്യാർത്ഥി ഉല്പ. 3:1 വായിക്കട്ടെ.] അവളെ പരീക്ഷിക്കുവാൻ അവൻ പറഞ്ഞ*തെന്ത്*? [വിട്ട വരികളിൽ "തിന്നുവാൻ" എന്നെഴുതുക.] ഇതു ഹവ്വയെ പരീക്ഷിച്ചതെന്തുകൊണ്ട്? അതു ഒരുപക്ഷെ ദൈവം പറഞ്ഞതിനെ അവൾ ചോദ്യം ചെയ്യപ്പെട്ടതുകൊണ്ടാണോ?

2. ആ വൃക്ഷ ഫലം തിന്നാൽ മരിക്കും എന്നു ഹവ്വക്ക് അറിയാമായിരുന്നോ? [വിദ്യാർത്ഥി ഉല്പ. 3:3 വായിക്കട്ടെ.] ആ വൃക്ഷഫലം തിന്നാൽ *എന്തു* സംഭവിക്കുമെന്നു ദൈവം പറഞ്ഞു എന്നാണ് ഹവ്വ പറഞ്ഞത്? [വിട്ട വരികളിൽ "മരിക്കും" എന്നെഴുതുക.]

3. സർപ്പത്തിന്റെ മറുപടി എന്തായിരുന്നു? [വിദ്യാർത്ഥി ഉല്പ. 3:4, 5 വായിക്കട്ടെ.] *എന്തൊരു* കാര്യമാണ് സംഭവിക്ക*യില്ല* എന്നും, *എന്തെല്ലാം* രണ്ടു കാര്യങ്ങളാണ് സംഭവി*ക്കുമെന്നും* സർപ്പം പറഞ്ഞത്? [വിട്ടവരികളിൽ പൂരിപ്പിക്കുക. ഏ. "നീ തീർച്ചയായും മരിക്ക" യില്ല; ബി. "നിങ്ങളുടെ കണ്ണു തുറക്കും"; സി. "നിങ്ങൾ ദൈവത്തെ പോലെ ആകും."]

സർപ്പത്തിന്റെ ഈ മൂന്നു പ്രസ്താവനകളിൽ ഏതു കള്ളവും ഏതു സത്യവും ആയിരുന്നു? അവർ മരിച്ചോ? അവ തിന്നാൽ മരിക്കും എന്നാണ് ദൈവം പറഞ്ഞിരുന്നതെന്നു നാം കണ്ടു കഴിഞ്ഞു. അതുകൊണ്ടു അതു സത്യമായിരുന്നു. എന്നാൽ അവരുടെ കണ്ണു തുറക്കും അവർ ദൈവത്തെ പോലെ ആകും എന്ന സർപ്പത്തിന്റെ പ്രസ്താവനയോ? അവ രണ്ടും സത്യമായിരുന്നോ? അവയെക്കുറിച്ചു നമുക്കു പിന്നീടു പഠിക്കാം.

4. ഫലം നോക്കിയപ്പോൾ ഹവ്വ എന്താണ് കണ്ടത്? [വിദ്യാർത്ഥി ഉല്പ. 3:6 വായിക്കട്ടെ.] ആ വൃക്ഷഫലത്തിൽ നോക്കിയപ്പോൾ *എന്തെല്ലാം* മൂന്നു കാര്യങ്ങളാണ് ഹവ്വ കണ്ടത്? [വിട്ട വരികൾ പൂരിപ്പിക്കുക. എ. "തിന്മാൻ നല്ലതു"; ബി. "കാൺമാൻ ഭംഗിയുള്ളത്"; സി. "ജ്ഞാനം പ്രാപിക്കുവാൻ കാമ്യം."] ആ വൃക്ഷത്തിന്റെ നന്മയിലായിരുന്നോ അവൾ ശ്രദ്ധിച്ചത് അതോ തിന്മയിലായിരുന്നോ? ആ വൃക്ഷഫലത്തിന്റെ മോശമായ അവസ്ഥയെ അവൾക്കു ചിന്തിക്കുവാൻ കഴിയാതിരുന്നതുകൊണ്ടാണോ അവൾ വഞ്ചിക്കപ്പെട്ടതു?

ഹവ്വയെ ആ ഫലത്തിലേക്കു ആകർഷിക്കുവാനിടയാക്കിയ ലോകത്തിലെ കാര്യങ്ങളാണ് അതു 1 യോഹന്നാൻ 2:16-ൽ പറയുന്നുണ്ട്. അതേ ലൗകിക ആകർഷണത്താൽ, പാപം ചെയ്യുവാൻ പരീക്ഷിക്കപ്പെടുമ്പോൾ അവളുടെ പാപത്തെ നമുക്കു തിരിച്ചറിയാം.

നന്മതിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻഫലം തിന്നാൽ മരിക്കും എന്നറിഞ്ഞുകൊണ്ടു, അവൾ അതു തിന്നു. നാമും അതുപോലെ പാപം ആണെന്നു അറിയാമെങ്കിലും, ചില കാര്യങ്ങൾ ചെയ്തു പോകും. ഒരു പക്ഷെ അക്കാരണത്താൽ നാം ഹവ്വ ചെയ്തതിനെ അത്ര മോശമായി കാണുകയില്ലായിരിക്കാം.

**IV. ഫലങ്ങൾ**

1. ഇനി നാം പരിഗണിക്കുന്നതു നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നതിന്റെ ഫലങ്ങളെ കുറിച്ചാണ്. ആദാമിന്റെയും ഹവ്വയുടെയും കണ്ണുകൾക്ക് എന്തു സംഭവിച്ചു? [വിദ്യാർത്ഥി ഉല്പ. 3:7 വായിക്കട്ടെ.] അവരുടെ കണ്ണുകൾക്ക് *എന്തു* സംഭവിച്ചു? [വിട്ടവരികൾ "തുറന്നു" എന്നു പൂരിപ്പിക്കുക. *ഷീറ്റിന്റെ പുറകിൽ* ആദാമിന്റെയും ഹവ്വയുടെയും കണ്ണുകൾ തുറന്നതു വരയ്ക്കുക. നോക്കുക പേജ് 128.]

ഇതിനർത്ഥം അവർ തോട്ടത്തിൽ കൂടെ അടഞ്ഞ കണ്ണുകളായിട്ടായിരുന്നു നടന്നതു എന്നാണോ? അതിനർത്ഥം ധാർമ്മികതയെ സംബന്ധിച്ചു അവരുടെ കണ്ണുകൾ അടഞ്ഞിരുന്നു എന്നല്ലേ, അതായതു., നന്മതിന്മകളെ കുറിച്ചുള്ള അറിവാണെങ്കിൽ, വൃക്ഷഫലം തിന്നശേഷം ആ അറിവു വന്നു. വൃക്ഷഫലം തിന്നുന്നതിനുമുൻപു, അവർക്കു നന്മയെക്കുറിച്ചോ തിന്മയെക്കുറിച്ചോ വിചാരപ്പെടേണ്ടതില്ലായിരുന്നു കാരണം അവർക്കു നന്മതിന്മകളെക്കുറിച്ചു അറിവില്ലായിരുന്നു, എന്നാൽ അവരുടെ കണ്ണു തുറന്നപ്പോൾ, അവർ നഗ്നരാണെന്നു തിരിച്ചറിഞ്ഞു. അവർക്കു ഒരു ധാർമ്മിക മനസാക്ഷി ലഭിച്ചു.

2. സർപ്പത്തെ എങ്ങനെ ശിക്ഷിച്ചു? [ഉല്പ. 3:14 വായിക്കുക.] ഇനി മുതൽ *എന്തു*കൊണ്ടു ഇഴയുമെന്നാണ് പറഞ്ഞത്? [വിട്ട വരികൾ പൂരിപ്പിക്കുക "ഉരസ്സുകൊണ്ടു."]

3. സ്ത്രീയെ എങ്ങനെ ശിക്ഷിച്ചു? [ഉല്പ. 3:16 വായിക്കുക.] അവൾ മക്കളെ പ്രസവിക്കുമ്പോൾ *എന്തു* വർദ്ധിക്കും, മനുഷ്യനു അവളിൽ *എന്ത*ധികാരമാണുണ്ടാകുക? [വിട്ട വരികൾ "വേദന" യും "ഭരണം" വും എന്ന് പൂരിപ്പിക്കുക.]

4. ദൈവം ഭൂമിയെ *എന്തു* ചെയ്തു? [ഉല്പ. 3:17 വായിച്ചു, വിട്ട വരികൾ പൂരിപ്പിക്കുക "ശപിച്ചു."] വേറെ എന്തു ശിക്ഷയാണ് ആദാമിനു ദൈവം കൊടുത്തത്? [ഉല്പ. 3:19 വായിക്കുക.] ആദാം *എന്തിലേക്കു* മടങ്ങിപോകും? [വിട്ട വരികൾ പൂരിപ്പിക്കുക "നിലത്തിലേക്കു."]

5. വൃക്ഷഫലം തിന്നതിനാൽ ആദാമിന്റേയും ഹവ്വയുടേയും സ്വഭാവം മലിനപ്പെട്ടോ? [ഉല്പ. 3:22 വായിക്കുക.] മനുഷ്യൻ *ആരെ* പോലെ ആയി തീർന്നു എന്നാണ് ദൈവം പറഞ്ഞത്? [വിട്ടവരികൾ പൂരിപ്പിക്കുക "നമ്മെപോലെ."] ഏതു വിധത്തിലാണ് മനുഷ്യൻ ദൈവത്തെ പോലെ ആയത്? അവൻ *എന്ത്* അറിയുവാനിടയായി? [വിട്ട വരികൾ പൂരിപ്പിക്കുക "നന്മയും തിന്മയും." *ഷീറ്റിന്റെ പുറകിൽ* ആദാമിന്റേയും ഹവ്വയുടേയും അടിയിൽ, "കണ്ണുകൾ തുറന്നു. ദൈവത്തെ പോലെ - നന്മയും തിന്മയും അറിഞ്ഞു." നോക്കുക പേജ് 128.]

നന്മതിന്മകളെ കുറിച്ചുള്ള അറിവു കിട്ടിയതുകൊണ്ടാണ് അവരുടെ സ്വഭാവം മലിനപ്പെട്ടതെങ്കിൽ, ദൈവത്തിനും നന്മതിന്മകളെ കുറിച്ചുള്ള അറിവുള്ളതിനാൽ ദൈവസ്വഭാവവും മലിനപ്പെടും.

നന്മതിന്മകളെ കുറിച്ചുള്ള അറിവിൽ നന്മയും തിന്മയും വിവേചിച്ചറിയുവാനുള്ള കഴിവും ഉൾപ്പെടുന്നു, ആ അറിവിന്റെ ഫലമായി മനുഷ്യർ ഇപ്പോൾ ധാർമ്മികമായി തിരഞ്ഞെടുക്കേണ്ട ഒരു വൈഷമ്യത്തിലെത്തി.

മനുഷ്യനു ഇപ്പോൾ തിന്മ ചെയ്യുവാനുള്ള പരീക്ഷണം വന്നിരിക്കുന്നു. ഇതിനുമുൻപു, മനുഷ്യർക്കു ധാർമ്മികമായ തീരുമാനങ്ങൾ എടുക്കേണ്ടതില്ലായിരുന്നു കാരണം അവർക്കു നന്മതിന്മകളെ കുറിച്ചുള്ള അറിവു ഇല്ലായിരുന്നു. അവർക്കു ഇപ്പോൾ തെറ്റായ തിരഞ്ഞെടുപ്പു നടത്താം, അങ്ങനെ പാപമുള്ള തിരഞ്ഞെടുപ്പായി മാറുകയും ചെയ്യും. ഫലം തിന്നുന്നതിനു മുൻപു, അവർക്കു നന്മതിന്മകളെ കുറിച്ചുള്ള അറിവില്ലാതിരുന്നതുകൊണ്ടു പാപമുള്ള തിരഞ്ഞെടുപ്പു നടത്തുവാൻ അവർക്കു കഴിഞ്ഞിരുന്നില്ല.

## V. ശിശുക്കൾക്കു നന്മയും തിന്മയും അറിയാമോ?

1. ശിശുക്കൾ ലോകത്തിലേക്കു ജനിച്ചു വീഴുമ്പോൾ, *അവർക്കു* നന്മയും തിന്മയും *അറിയാമോ?* [ആവർ. 1:39 വായിക്കുക. വിട്ട വരികൾ "ഇല്ല" എന്നു പൂരിപ്പിക്കുക.]

2. അവർക്കു നന്മയും തിന്മയും അറിയാത്തതിനാൽ, അവർക്കു ധാർമ്മിക തിരഞ്ഞെടുപ്പു നടത്തുവാൻ കഴിയുമോ? [യെശ. 7:16 വായിക്കുക.] *എങ്ങനെ* ചെയ്യണമെന്നാണ് അവർക്ക് അറിയാത്തത്? [വിട്ടവരികൾ തിന്മയെ "തള്ളി" നന്മയെ "തിരഞ്ഞെടുക്കുവാൻ" എന്നു പൂരിപ്പിക്കുക.]

3. ഒരാൾക്കു നന്മയും തിന്മയും തിരഞ്ഞെടുക്കുവാൻ കഴിവില്ലെങ്കിൽ, അയാൾക്കു പാപം ചെയ്യുവാൻ കഴിവുണ്ടോ? [യോഹന്നാൻ 9:41 വായിക്കുക.] ഒരാൾ കുരുടൻ ആണെങ്കിൽ, *എന്താണ്* അയാളിൽ *ഇല്ലാത്തത്?* ["പാപം" എന്നു വിട്ട വരികളിൽ പൂരിപ്പിക്കുക.]

"അന്ധത" എന്നതുകൊണ്ടു യേശു അർത്ഥമാക്കിയത് എന്താണ്? ഭൗതികമായ അന്ധതയാണോ യേശു അർത്ഥമാക്കിയത്? അവർ "അന്ധത" എന്നതുകൊണ്ടു കാണുവാൻ കഴിയാത്തവർ എന്നല്ലേ അർത്ഥമാക്കിയത്, അതായതു., മനസ്സിലാക്കുവാൻ കഴിയാത്തവർ? മനസ്സിലാക്കുവാൻ കഴിയാത്തവർ ദൈവത്തിനു കണക്കു കൊടുക്കേണ്ടവരല്ല, അക്കാരണത്താൽ അവർ പാപികളായി ദൈവം കാണുന്നില്ല എന്നല്ലേ അർത്ഥമാക്കുന്നത്? ശിശുക്കൾ ഈ ഗണത്തിലല്ലേ പെടുന്നത്?

## VI. ശിശുക്കൾ പാപികളായിട്ടാണോ ജനിക്കുന്നത്?

1. നന്മതിന്മകളെ കുറിച്ചു അറിവില്ലാത്തവർക്കു പാപം ചെയ്യുവാൻ കഴിയാത്തതുപോലെ, ശിശുക്കൾക്കു അവരുടെ മാതാപിതാക്കളിൽ നിന്നു പാപം അവകാശമാക്കുവാൻ കഴിയുമോ, അക്കാരണത്താൽ ശിശുക്കൾ പാപികളായിട്ടാണോ ജനിക്കുന്നത്? മകൻ അപ്പന്റെ പാപം വഹിക്കേണമോ? [യെഹസ്. 18:20 വായിക്കുക.] മകൻ *ആരുടെ* പാപം വഹിക്കേണ്ട? [വിട്ടവരികൾ "അപ്പന്റെ" എന്നു പൂരിപ്പിക്കുക.] ഓരോ വ്യക്തികളും അവനവൻ ചെയ്യുന്ന പാപങ്ങൾക്കാണ് ഉത്തരവാദികൾ അല്ലാതെ അവരുടെ മാതാപിതാക്കൾ ചെയ്യുന്ന തെറ്റുകൾ*ക്കല്ല* എന്നല്ലേ ഈ വാക്യം പഠിപ്പിക്കുന്നത്?

*കുറ്റാരോപണ*വും *അനന്തരഫല*വും തമ്മിലുള്ള വ്യത്യാസം നന്നായി വരച്ചു കാണിക്കുക. ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ ഫല

മായി നാമെല്ലാം മരിക്കും. ഇതു, എങ്ങനെയായാലും, മാതാപിതാക്കളുടെ കുറ്റം കൊണ്ടു നമ്മെ പാപികളായി കാണുന്നില്ല എന്നർത്ഥം. ഒരു മനുഷ്യൻ തന്റെ മക്കളെ മാരകമായി അടിച്ചാൽ, അതിന്റെ അനന്തരഫലം കുട്ടികൾ അനുഭവിക്കണം, എന്നാൽ അയാളുടെ പാപത്തിന്റെ കുറ്റബോധം കുട്ടികളിൽ വരു*ന്നില്ല.*

2. ആരിൽ നിന്നാണ് ശിശുവിനു തന്റെ ആത്മാവു ലഭിക്കുന്നത്? [സെഖ. 12:1 വായിക്കുക.] മനുഷ്യനിൽ ദൈവം തന്നിരിക്കുന്ന*തെന്താണ്?* [വിട്ടവരികളിൽ "ആത്മാവു" എന്നു പൂരിപ്പിക്കുക.] ആത്മാക്കളുടെ പിതാവു ആർ? [എബ്രാ. 12:9 വായിക്കുക.] ദൈവം ആത്മാക്കളുടെ *എന്താണ്?* [വിട്ടവരികൾ "പിതാവു" എന്നു പൂരിപ്പിക്കുക.]

ദൈവത്തിൽ നിന്നാണ് നമുക്ക് ആത്മാവു ലഭിക്കുന്നതു എന്ന വസ്തുത (കൂടാതെ സഭാ. 12:7 നോക്കുക), അർത്ഥം നാം പാപമുള്ള ആത്മാവോടുകൂടിയല്ല ഈ ലോകത്തേക്കു വന്നതു, കാരണം, അങ്ങനെയാണെങ്കിൽ ദൈവം തിന്മയുടെ ഉറവിടം ആകും, അതു തീർച്ചയായും സാധ്യമല്ല (യാക്കൊബ് 1:13).

3. സ്വർഗ്ഗരാജ്യം ആർക്കുള്ളതാണ്? [മത്താ. 19:14 വായിക്കുക.] ദൈവരാജ്യം *എങ്ങനെ* ഉള്ളവരുടേതാണ്? [വിട്ട വരികളിൽ "ശിശുക്കൾ" എന്നെഴുതുക.] കൊച്ചു കുട്ടികളിൽ തിന്മയും മാലിന്യവുമുണ്ടെങ്കിൽ, സ്വർഗ്ഗരാജ്യം അങ്ങനെയുള്ളവരുടേതാകും. എന്നാൽ കൊച്ചുകുട്ടികൾ ശുദ്ധരും, താഴ്മയുള്ളവരും, നിഷ്കളങ്കരും ആണ്, അപ്പോൾ സ്വർഗ്ഗരാജ്യം അങ്ങനെ ഉള്ളവരുടേതാകും. തീർച്ചയായും സ്വർഗ്ഗരാജ്യം ശിശുക്കളെ പോലെ ഉള്ളവരുടേതാണ്, അതായതു, വിശുദ്ധവും, താഴ്മയും, നിഷ്ക്കളങ്കരും ആയ ആളുകൾ.

[*പഠനഷീറ്റിന്റെ പുറകിൽ* (പേജ് 128 നോക്കുക) എഴുതുക, "കുട്ടികൾ പാപികൾ ആകുന്നതിന്റെ കാരണം:

1. സ്വന്ത പ്രവൃത്തികൾ? ————
2. മാതാപിതാക്കൾ, ശരീരം മുഖാന്തരം? ————
3. ദൈവം, ആത്മാവിൽ കൂടെ?" ————

വിദ്യാർത്ഥി ഈ വിട്ട വരികൾ പൂരിപ്പിക്കട്ടെ. ഈ പാഠത്തിൽ നിന്നും വിദ്യാർത്ഥി ഈ മൂന്നു ചോദ്യങ്ങൾക്കും ഉത്തരങ്ങൾ എഴുതുവാൻ "അല്ല" എന്നെഴുതുവാൻ പഠിച്ചു കാണും.]

**ചുരുക്കം**

[പാഠം ചുരുക്കി, അദ്ധ്യാപകൻ പാഠത്തിന്റെ തുടക്കം മുതലുള്ള മുഖ്യ തല വാചകങ്ങളിലെ മുഖ്യ ചോദ്യങ്ങൾ ചോദിച്ചു വിദ്യാർത്ഥി ശരിയായി പ്രതികരിക്കുന്നുണ്ടോ എന്നു നോക്കുക. അദ്ധ്യാപകൻ ചോദിക്കയും വിദ്യാർത്ഥി ഉത്തരം പറകയും ചെയ്യട്ടെ.] ഈ പാഠത്തെ ചുരുക്കുവാനുള്ള നല്ല വഴി പാഠത്തിലെ മുഖ്യ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുകയാണ്.

I. *സൃഷ്ടിയിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നത്?* ശരിയായ ഉത്തരം "വളരെ നല്ല ആകാശവും ഭൂമിയും" എന്നാണ്.

II. *ഏദെൻ തോട്ടത്തിന്റെ നടുവിൽ എന്തായിരുന്നു?* ജീവ വൃക്ഷവും

ഫലം പറിച്ചു തിന്നാൽ മരിച്ചു പോകുമായിരുന്ന, നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷവും.

III. *ഏദെൻ തോട്ടത്തിൽ ഹവ്വ എങ്ങനെ പരീക്ഷിക്കപ്പെട്ടു?* സർപ്പം അവളോട് ദൈവത്തെ ചോദ്യം ചെയ്യുന്നതിലേക്ക് തിരിയുകയും, അങ്ങനെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻഫലം തിന്നാൽ മരിക്കുമെന്നറിഞ്ഞിട്ടും അവൾ ആകൃഷ്ടയാവുകയും ചെയ്തു. ഹവ്വ മരിക്കുമെന്നത് സർപ്പം നിഷേധിച്ചു, അവൾ അതു തിന്നാൽ ദൈവത്തെപ്പോലെ നന്മയും തിന്മയും അറിയുന്നവരാകും എന്നും സർപ്പം പറഞ്ഞു.

IV. *നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നതിന്റെ ഫലം എന്തായിരുന്നു?* സർപ്പം ഉരസ്സുകൊണ്ട് ഗമിക്കുവാൻ തുടങ്ങി. സ്ത്രീ വർദ്ധിച്ച വേദനയോടെ മക്കളെ പ്രസവിക്കുവാൻ തുടങ്ങി, പുരുഷൻ സ്ത്രീയെ ഭരിക്കുവാൻ തുടങ്ങി. ഭൂമി ശപിക്കപ്പെട്ടു. അവരുടെ കണ്ണു തുറന്നു, അവർ ദൈവത്തെപ്പോലെ നന്മയും തിന്മയും അറിവുള്ളവരായി. അവർ നിലത്തിലേക്കു തിരികെ ചേരും, അതായതു., അവർ മരിക്കും.

V. *ശിശുക്കൾ നന്മയും തിന്മയും അറിഞ്ഞുകൊണ്ടാണോ ലോകത്തിലേക്കു വരുന്നത്?* ശിശുക്കൾ നന്മ തിന്മകളെക്കുറിച്ചു അറി*വില്ലാത്തവരാ*യിട്ടാണ് ലോകത്തിലേക്കു വരുന്നതു, അതുകൊണ്ടു അവർ പാപം ഇല്ലാത്തവരല്ലേ?

VI. *ശിശുക്കൾ പാപികളായി ജനിച്ചതു ദൈവരാജ്യത്തിനു പുറത്തായവരോ?* മകൻ അപ്പന്റെ കുറ്റം വഹിക്കുന്നില്ല, ദൈവമാണ് മനുഷ്യരിൽ ആത്മാവിനെ തന്നിരിക്കുന്നത്. അതുകൊണ്ടു, ഒരു ശിശു ജനിക്കുന്നതു വിശുദ്ധവും നിഷ്കളങ്കവുമായ - ആത്മാവോടുകൂടിയാണ്. സ്വർഗ്ഗരാജ്യം ശിശുക്കളെപോലെ ഉള്ളവരുടേതാണ്.

[അദ്ധ്യാപകൻ വിദ്യാർത്ഥിയോടു ചോദിക്കുക: നിങ്ങൾ ശിശു ആയിരുന്നപ്പോൾ സ്നാനപ്പെട്ടതാണോ? എന്തിനാണ് സ്നാനപ്പെട്ടതെന്നു നിങ്ങൾക്ക് അറിയാമായിരുന്നോ? നിങ്ങൾ ജനിച്ചപ്പോൾ പാപത്താൽ ശിക്ഷിക്കപ്പെട്ടാണോ ജനിച്ചത്?

ഒരു ശിശു പാപത്തോടുകൂടെയാണ് ജനിക്കുന്നതു എന്നു ആളുകൾ എടുത്തു കാണിക്കുന്ന സങ്കീർ. 51:5 അദ്ധ്യാപകൻ വിവരിച്ചു കൊടുക്കാം. നാം പഠനഷീറ്റിൽ പഠിച്ചതിനു വിപരീതമായി ഈ വാക്യം ശിശുക്കൾ പാപത്തോടുകൂടി ജനിക്കുന്നതായി പറയുന്നു എന്നു കരുതുന്നുണ്ട്. അവർ അങ്ങനെ കരുതുവാൻ കാരണം എൻഐവി, എൻആർഎസ്വി തുടങ്ങിയ തർജ്ജിമകളോ അല്ലെങ്കിൽ വാക്യം തെറ്റായി ഉപയോഗിക്കുന്നതുകൊണ്ടോ ആകാം. മൂലഭാഷയായ എബ്രായ ഭാഷ പറയുന്നതു, “ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ അമ്മ എന്നെ ഗർഭം ധരിച്ചു.”

ഈ വാക്യത്തിൽ ദാവീദ് തന്നെത്തന്നെ താഴ്ത്തി, തന്റെ ജീവിതത്തിലെ അപൂർണ്ണവും, ചുറ്റുപാടുമുള്ള പാപസ്വാധീനമുള്ള അവസ്ഥയിലേക്കു താൻ ജനിച്ചതും വ്യക്തമാക്കുകയാണ് എന്നു തോന്നുന്നു. അതു വാസ്തവമാണെങ്കിൽ, “ഞാൻ ജനിച്ച സാഹചര്യമാണ്, ഞാൻ

ഉണ്ടായതുമുതൽ എന്നെ ബാധിക്കുവാനിടയായ തിന്മയുടെ കാരണം" എന്നാണ് ദാവീദ് പറയുന്നത്.

ഇതു ലോകത്തെ മഞ്ഞുള്ള പ്രദേശത്ത്, ഭയങ്കര തണുപ്പിൽ, മഞ്ഞു വീണു തണുത്തു മരവിച്ച, ഒരാൾ ഒരു ദിവസം പറയുന്നതുമായി നമുക്കു താരതമ്യം ചെയ്യാം, "എന്റെ അമ്മ മഞ്ഞു കാറ്റിലാണ് എന്നെ പ്രസവിച്ച തു, കൊടും ശൈത്യമുള്ള രാത്രിയിൽ, മഞ്ഞുവീണുകൊണ്ടിരുന്നപ്പോ ഴായിരുന്നു ഞാൻ ജനിച്ചത്. ലോകത്തിന്റെ ഇത്തരം പ്രദേശത്തു ഞാൻ താമസിക്കുന്നതിൽ അതിശയിക്കാനൊന്നുമില്ല."

അത്തരം പ്രസ്താവന നടത്തിയതിൽ നിന്നും മഞ്ഞു കാറ്റുള്ളപ്പോൾ ജനിച്ചതുകൊണ്ടു അയാൾ ജനിച്ചു വീണതു മഞ്ഞുപാളികളിലേക്കാണ് എന്നു ചിന്തിക്കുകയില്ലല്ലൊ. അതേ പോലെയാണ് ദാവീദിന്റെ പ്രസ്താ വനയും, അവൻ അകൃത്യം ഉള്ള ലോകത്തിലേക്കു വന്നു ജനിച്ചു എന്നാണ് അല്ലാതെ പാപിയായി ജനിച്ചു എന്നല്ല. ആ പ്രസ്താവന നല്കുന്ന സൂചന ജനിച്ചപ്പോഴത്തെ ദാവീദിന്റെ സ്വഭാവത്തെയല്ല, മറിച്ചു, അവൻ ജനിച്ച പരിതസ്ഥിതിയെയാണ് വിവരിക്കുന്നത്. ഈ വാക്യത്തിൽ നിന്നും അവൻ പാപിയായി ജനിച്ചു എന്ന സൂചന നല്കുന്നില്ല എന്നു തീർച്ച.

ആദാമും ഹവ്വയും നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷ ത്തിൻ ഫലം തിന്നരുതെന്നു ദൈവം ആഗ്രഹിക്കുവാനുള്ള കാരണം അദ്ധ്യാപകനു വ്യക്തമാക്കാം, തൽഫലമായി അവർ ദുഃഖവും, നിരാശ യും, കുറ്റവുമുള്ളവരാകുമെന്നു ദൈവത്തിനു അറിയാമായിരുന്നു. ചില പ്പോൾ ദൈവം ചിലതു വിലക്കിയിരിക്കുന്നതിൽ നമുക്കു വിഷമം ഉണ്ടാ കും, എന്നാൽ ദൈവത്തിന്റെ എല്ലാ വിലക്കുകളും നമ്മുടെ നന്മക്കാണ്.

വിദ്യാർത്ഥി എല്ലാം മനസ്സിലാക്കി എന്നു ഉറപ്പുവരുത്തിയാൽ, അടുത്ത പഠനത്തിനുള്ള സമയം ഏർപ്പാട് ചെയ്യാം.]

---

### സുവിശേഷീകരണം

"'എന്നെ അനുഗമിപ്പിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവ രാക്കും' (മർക്കൊസ് 1:17). ആ വാക്കുകളാൽ യേശു എന്താണ് അർത്ഥ മാക്കിയതു? ഉപജീവനത്തിനു മീൻ പിടിച്ചുകൊണ്ടിരുന്നവരോടാണ് യേശു ആ ആഹ്വാനം നടത്തിയത്. അവർ മീൻ പിടിച്ചുകൊണ്ടിരുന്നു; ഇനി അവർ മനുഷ്യരെ പിടിക്കുന്നവരാകും! ഇതിന്റെ സമാന്തര വേദഭാ ഗങ്ങൾ മർക്കൊസ് 1:17 ലൂക്കൊസ് 5:10 കുറേക്കൂടി വ്യക്തമാക്കുന്നുണ്ട്: 'ഭയപ്പെടേണ്ട; ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും.'

"ലൂക്കൊസ് ഉപയോഗിച്ച 'പിടിക്കൽ' എന്ന വാക്ക് *സോഗ്രെയോ* എന്ന ഗ്രീക്കു വാക്കിൽ നിന്നും വന്നതാണ്, അതിന്റെ അക്ഷരിക അർത്ഥം ജീവനോടെ പിടിക്കുക അല്ലെങ്കിൽ ജീവനുവേണ്ടി പിടിക്കുക."

ഡെലോസ് മൈൽസ്

*മാസ്റ്റർ പ്രിൻസിപ്പിൾസ് ഓഫ് ഇവാഞ്ചലിസം*

“97 ഉം 98 ഉം ആളുകളും ഈ വർഷം വരുത്തിയ വ്യത്യാസം ഒരു വിലയുള്ള ആത്മാവാണ്! 15 ഉം 16 ഉം ആളുകൾ എത്തിയതിലെ വ്യത്യാസം വിഭജിക്കപ്പെട്ട ഭവനമോ, ഒരാളുടെ അപ്പനു ക്രിസ്തുവിന്റേയും ക്രിസ്ത്യാനികളുടെയും കൂട്ടായ്മ ആവശ്യമാണ്, അല്ലെങ്കിൽ ഒരു യുവാവു അയാളുടെ അദ്ധ്യക്ഷനാകാനുള്ള നേതൃത്വം വളരാതെ പോയി.”

ചാൾസ് ലിവിങ്സ്റ്റൺ
*യൂസിങ്ങ് ദ സണ്ടേ സ്കൂൾ ടു റീച്ച് പീപ്പിൾ*

“ക്രിസ്ത്യാനികളായ നാം മറ്റൊരാളോടു ആദ്യമായി കടപ്പെട്ടിരിക്കുന്നതു അയാളെയോ അവളെയോ ശ്രദ്ധിക്കുക എന്നതാണ്.”

ഡിയെട്രിച്ച് ബോൺഹോഫർ
*ലൈഫ് ടുഗെദർ*

“സുവിശേഷീകരണം *എന്തെങ്കിലുമല്ല*, എന്നാൽ *ആരെങ്കിലും* ആണ് നടത്തുന്നത് .... സുവിശേഷം എന്തിനെയെങ്കിലും അല്ല, ആരെയെങ്കിലും ആണ് ചിന്തിപ്പിക്കുന്നത്. ദൈവം ഒരു വ്യക്തി ആകകൊണ്ടും, ദൈവസ്നേഹത്തിന്റെ പ്രകടനം ആകകൊണ്ടും അതു വെറും ഒരു സിദ്ധാന്തമാകയില്ല. സന്ദേശം പുറത്തു കടക്കുവാൻ എന്തെങ്കിലും രീതി അവലംബിക്കണം, എന്നാൽ ക്ഷണിക്കുവാൻ നീട്ടുന്ന കൈ മാംസവും രക്തവുമുള്ളതാണ്.”

റോബർട്ട് കോൾമാൻ
*ദേ മീറ്റ് ദ മാസ്റ്റർ*

© 2009 Truth for Today